പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1600 — 11.2.2013-ൽ മറുപടിക്ക്

## നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു. കുരുവിള<br>,, സി.എഫ്. തോമസ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരസഭകളിലും മുൻസിപ്പാലിറ്റികളിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതി പ്രകാരം 22 മുനിസിപ്പാലിറ്റികളിലായി 25 പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രവർത്തന പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേയ്ക്കായി കേരളത്തിലുള്ള എല്ലാമുനിസിപ്പാലിറ്റികളിൽ നിന്നും പദ്ധതികൾ സ്വീകരിച്ചുവരികയാണ്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ CBULB പദ്ധതി പ്രകാരം എല്ലാ മുനിസിപ്പാലിറ്റികളിലും, അക്കൗണ്ടിംഗ് പരിഷ്കരണ പരിപാടികൾ പൂർത്തിയായി വരുന്നു. |
| ബി) എല്ലാ നഗരസഭകളിലും മുൻസിപ്പാലിറ്റികളിലും ലോഫ്ളോർ ബസ്സുകൾ ഉൾപ്പെടെയുള്ള കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;<br><br>സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ബി) & സി) നിലവിൽ തിരുവനന്തപുരം കൊച്ചി കോർപ്പറേഷനുകളിലാണ് ലോഫ്ളോർ ബസ്സുകൾ സർവീസ് നടത്തുന്നത്. മറ്റ് നഗരസഭകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ സർക്കാർ തീരുമാനിച്ചിട്ടില്ല. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ, പദ്ധതിനടത്തിപ്പിന്റെ രണ്ടാംഘട്ടത്തിൽ നടപ്പിലാക്കുന്നതിനായി എല്ലാ നഗരസഭകളിൽ നിന്നും പദ്ധതികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ